II ഇ.ബി. XIV - കേരള നിയമസഭ/XVIII-5

# പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2020 ഫെബ്രുവരി 10, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന നമ്പർ ഈ സമ്മേളനത്തിൽ അനുവദിച്ച ചോദ്യങ്ങളുടെ നമ്പറിനെ സൂചിപ്പിക്കുന്നു.)

11 (*121,*133 &*138) വാഹന പരിശോധന കർശനമാക്കുന്നതിന് നടപടി -

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) നൽകിയ മറുപടിയിൽ, റോഡപകടങ്ങൾ കുറയ്ക്കുകയെന്ന ലക്ഷ്യത്തോടെയാണ് 'സേഫ് കേരള' പദ്ധതി ആവിഷ്കരിച്ചിട്ടുള്ളതെന്നും ഇതിനായി എല്ലാ ജില്ലകളിലും ഓരോ എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരെ നിയമിക്കുകയും അവരുടെ കീഴിൽ 85 സ്ക്വാഡുകളിലായി 85 മോട്ടോർ വെഹിക്കിൾ

ഇൻസ്പെക്ടർമാരെയും 255 അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരെയും നിയമിച്ചിട്ടുണ്ടെന്നും ഈ സ്ക്വാഡുകൾ 24 മണിക്കൂറും പ്രവർത്തിച്ചുവരുന്നതായും സഭയെ അറിയിച്ചു. സ്ക്വാഡുകളുടെ പ്രവർത്തനങ്ങൾ ആധുനീകരിക്കുന്നതിന്റെ ഭാഗമായി 17 ഇന്റർസെപ്റ്റർ വാഹനങ്ങൾ ലഭ്യമാക്കുകയും 14 പുതിയ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ തുടങ്ങാൻ നടപടി സ്വീകരിച്ചുവരികയുമാണ്. Red Light Violation, Speed Violation എന്നിവ കണ്ടുപിടിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് സംസ്ഥാനത്തൊട്ടാകെ 240 ക്യാമറകൾ സ്ഥാപിക്കുകയും അവയുടെ നിയന്ത്രണത്തിനായി എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ കൺട്രോളിംഗ് സ്റ്റേഷനുകൾ പ്രവർത്തിക്കുകയും ഇതിനോടകം 2047872 ചെക്ക് റിപ്പോർട്ടുകൾ തയ്യാറാക്കുകയും 47.81 കോടി രൂപ പിഴയായി ഈടാക്കുകയും 2019-ൽ ട്രാഫിക് നിയമലംഘനങ്ങൾക്കെതിരെ 276584 കേസുകൾ രജിസ്റ്റർ ചെയ്ത് 33,80,72,125/- രൂപ പിഴ ഈടാക്കുകയും 28020 ലൈസൻസുകൾ റദ്ദ് ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ വാഹനങ്ങളുടെ വേഗത നിയന്ത്രിച്ച് അപകടങ്ങൾ കുറയ്ക്കുന്നതിലേയ്ക്കായി എല്ലാ ട്രാൻസ്പോർട്ട് വാഹനങ്ങളിലും Speed Governor, Vehicle Location Tracking Device എന്നിവ ഘടിപ്പിച്ചുവരുന്നുണ്ടെന്നും ഇത്തരം വാഹനങ്ങളുടെ സർവ്വീസുകൾ

നിയന്ത്രിക്കുന്നതിനായി ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ കേന്ദ്രീകൃത കൺട്രോൾ റൂം സജ്ജീകരിച്ചിട്ടുണ്ടെന്നും കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ നേതൃത്വത്തിൽ സേഫ് കേരള, ശബരിമല സേഫ് സോൺ എന്നീ പദ്ധതികളും ബ്ലാക്ക് സ്പോട്ട് പരിശോധന, മാതൃകാ സുരക്ഷാ വീഥി, ബോധവൽക്കരണം, റോഡ് സുരക്ഷാ വാരാചരണം, സ്കൂളുകളിൽ റോഡ് സുരക്ഷാ അവബോധം തുടങ്ങിയ പരിപാടികളും നടത്തിവരുന്നുണ്ട്. ഇന്റർസെപ്റ്റർ വാഹനങ്ങളിൽ Laser Based Traffic Radar with Integrated Display and Recording, Vehicle Mounted Camera with ANPR System, Breath Analyser with inbuilt printer and Camera, Digital Lux Meter, Sound Level Meter, Transparency Meter, Laptop, Heavy Duty Search Light എന്നിവ ലഭ്യമാക്കുകയും Speed radar, Alco meter എന്നിവ വാങ്ങാൻ നടപടി സ്വീകരിച്ചുവരികയുമാണ്. കൂടാതെ ഹെൽമറ്റ്, സീറ്റ് ബെൽറ്റ് എന്നിവ നിർബന്ധമാക്കി അപകട നിരക്ക് കുറയ്ക്കാൻ ശ്രമിച്ചുവരികയാണ്. 2016-18-ലെ റോഡപകടങ്ങളുമായി ബന്ധപ്പെട്ട പഠന റിപ്പോർട്ട് പ്രകാരം കണ്ടെത്തിയ 238 ബ്ലാക്ക് സ്പോട്ടുകളിൽ 159 എണ്ണം പരിഹരിക്കുന്നതിനായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ, MoRTH എന്നിവർക്ക് കൈമാറുകയും 2013-15-ൽ

നടത്തിയ പഠനത്തിലെ ക്രാഷ് ഡാറ്റാ പ്രകാരം കണ്ടെത്തിയ 46 ബ്ലാക്ക് സ്പോട്ടുകൾ പരിഹരിക്കുന്നതിനായി കേരള റോഡ് സുരക്ഷാ അതോറിറ്റി പൊതുമരാമത്ത് വകുപ്പിന് കൈമാറാനുള്ള 22.5 കോടി രൂപയിൽ 6 കോടി രൂപ നൽകുകയും ചെയ്തിട്ടുണ്ട്. നാറ്റ്പാക് കണ്ടെത്തിയ ബ്ലാക്ക് സ്പോട്ടുകളിൽ മരണ കാരണമായ അപകടങ്ങളും ഗുരുതരമായ അപകടങ്ങളും കൂടുതൽ നടന്ന സ്ഥലങ്ങൾ കണ്ടെത്തി മുൻഗണനാ ക്രമത്തിൽ അവ പരിഹരിക്കുന്നതിനുള്ള നടപടികൾ അതാത് റോഡ് Owning Agencies സ്വീകരിച്ചുവരികയാണ്. ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് നടപ്പാക്കിയ SAFE ZONE പദ്ധതിയ്ക്കു കീഴിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന 18 പട്രോളിംഗ് സ്ക്വാഡുകൾ സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്. Supreme Court Committee on Road Safety-യുടെ നിർദ്ദേശപ്രകാരം അപകടങ്ങളിൽപ്പെടുന്ന വാഹനങ്ങളിലെ കുറ്റക്കാരായ ഡ്രൈവർമാരുടെ ലൈസൻസ് സസ്പെൻഡ് ചെയ്യുകയും അപകടകരമായ ഡ്രൈവിംഗ്, മൊബൈൽ ഫോൺ ഉപയോഗം, ചരക്ക് വാഹനങ്ങളിൽ അമിത ഭാരം കയറ്റുക തുടങ്ങിയ നിയമ ലംഘനങ്ങൾ നടത്തുന്നവരുടെ ലൈസൻസ് താൽക്കാലികമായി റദ്ദ് ചെയ്യുകയും ചെയ്യുന്നുണ്ട്. ഐക്യരാഷ്ട്രസഭയുടെ നിർദ്ദേശപ്രകാരം നടപ്പാക്കിവരുന്ന Decade Action Plan on Road Safety പദ്ധതിയുടെ ഭാഗമായി ഡ്രൈവിംഗ്

പഠിതാക്കൾക്കും ഡ്രൈവിംഗ് ലൈസൻസ് നേടിയവർക്കും വ്യത്യസ്തമായ പരിശീലനം നടത്തി വരുന്നതായും Road Accident Victims Day-യോടനുബന്ധിച്ച് റോഡ് അപകടങ്ങൾക്ക് ഇരയായവരേയും അവരുടെ കുടുംബാംഗങ്ങളെയും പൊതുജനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് താലൂക്ക് മേഖലകളിൽ റോഡ് സുരക്ഷാ ബോധവൽക്കരണ പ്രവർത്തനങ്ങളും യോഗങ്ങളും നടത്തി വരുന്നതായും റോഡ് സുരക്ഷാ വാരാചരണത്തിന്റെ ഭാഗമായി എല്ലാ വർഷവും വ്യത്യസ്ത തലത്തിലുള്ള ബോധവൽക്കരണ-വാഹന പരിശോധനകളും ഡ്രൈവർമാരുടെ കാഴ്ചക്ഷമത പരിശോധനയും നടത്തിവരുന്നതായും മന്ത്രി അറിയിച്ചു. ഇതിന്റെ ഭാഗമായി Student Police Cadet-നേയും സന്നദ്ധ സംഘടനകളെയും പങ്കെടുപ്പിച്ചുകൊണ്ട് ലഘുലേഖകൾ വിതരണം ചെയ്യുകയും മോട്ടോർ വാഹനറാലി, റോഡ് സുരക്ഷാ ബോധവൽക്കരണവുമായി ബന്ധപ്പെട്ട മൂകാഭിനയം, ഓട്ടൻ തുള്ളൽ എന്നിവയും നടത്തിവരുന്നുണ്ട്. മലപ്പുറം ജില്ലയിലെ എടപ്പാളിലെ Institute of Drivers Training and Research (IDTR)-ൽ Driving School Instructors Training Programme, മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർക്ക് Training Programme, ട്രാഫിക് നിയമ ലംഘനങ്ങളിൽപ്പെടുന്ന ഡ്രൈവർമാർക്ക് ബോധവൽക്കരണ ക്ലാസ് എന്നിവ

നടത്തി സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നുണ്ട്. റോഡപകടങ്ങൾ കുറയ്ക്കുന്നതിനും സുരക്ഷിത യാത്ര പ്രദാനം ചെയ്യുന്നതിനും അച്ചടക്കമുള്ള റോഡ് സംസ്കാരം വളർത്തിയെടുക്കുന്നതിനുമായി സേഫ് കേരള പദ്ധതി നടപ്പാക്കുന്നുണ്ടെന്നും സേഫ് കോറിഡോർ പദ്ധതിയുടെ പ്രവർത്തനം പുരോഗമിച്ചുവരികയാണെന്നും ട്രാഫിക് നിയമലംഘനങ്ങൾക്കെതിരെയുള്ള പിഴ തുക ഉയർത്തിയതിനുശേഷം വാഹനാപകടങ്ങൾമൂലമുള്ള മരണനിരക്ക് കുറഞ്ഞിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. അനധികൃതമായി പാർക്കുചെയ്തിരിക്കുന്ന വാഹനങ്ങൾ നീക്കം ചെയ്യുന്നതിനുള്ള സാധ്യത സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പുമന്ത്രിയുമായും ITMS നടപ്പാക്കുന്നതുസംബന്ധിച്ച് ധനകാര്യ വകുപ്പുമന്ത്രിയുമായും ചർച്ച ചെയ്യുന്നതാണെന്നും വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് ട്രാഫിക് നിയമങ്ങൾ കരിക്കുലത്തിന്റെ ഭാഗമാക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും അതിനായുള്ള കൈപ്പുസ്തകം തയ്യാറാക്കിയിട്ടുണ്ടെന്നും ട്രാഫിക് പോലീസിന്റെ പ്രവർത്തനം മോട്ടോർ വകുപ്പിന്റെ പ്രവർത്തനവുമായി സ്ഥിരമായി സമന്വയിപ്പിച്ചുകൊണ്ടുപോകുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണെന്നും ട്രാഫിക് നിയമലംഘനങ്ങൾ സംബന്ധിച്ച് വിവരം നൽകുന്നതിനായി 'Third Eye' എന്ന മൊബൈൽ

ആപ്പ് സംവിധാനം പ്രവർത്തനമാരംഭിച്ചിട്ടുണ്ടെന്നും ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തിയിട്ടില്ലാത്ത ആംബുലൻസുകൾക്ക് ഈ മാസം അവസാനത്തോടെ പ്രവർത്തനാനുമതി നൽകുന്നതല്ലെന്നും സ്കൂൾ വാഹനങ്ങളിൽ ആയമാരെ നിയമിക്കാത്ത വിദ്യാലയങ്ങളുടെ അംഗീകാരവും വാഹനത്തിന്റെയും ഡ്രൈവറുടെയും ലൈസൻസും റദ്ദ് ചെയ്യുന്നതിന് നിർദ്ദേശം കൊടുത്തിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

12 (*122) <u>അക്കാദമിക ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ</u>

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) നൽകിയ മറുപടിയിൽ, 2019-ലെ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ (NEP 2019) കരടിൽ പ്രതിപാദിക്കുന്ന സ്വകാര്യ സർവ്വകലാശാലകളുടെ രൂപീകരണം, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പൂർണ്ണമായ സ്വയംഭരണം, ഉന്നത വിദ്യാഭ്യാസ രംഗത്തെ കച്ചവടവൽക്കരണം തുടങ്ങിയ വിഷയങ്ങളിൽ സംസ്ഥാന സർക്കാരിന്റെ വിയോജിപ്പ് കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ടെന്നും സർവ്വകലാശാലകളെ ശക്തിപ്പെടുത്തിയും അക്കാദമിക രംഗത്ത് മികവ് വർദ്ധിപ്പിച്ചും ഉന്നത വിദ്യാഭ്യാസ രംഗത്ത് സാമൂഹ്യനീതി ഉറപ്പുവരുത്തിയും

സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ രംഗം ദൃഢീകരിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്നും സഭയെ അറിയിച്ചു. ഇതിന്റെ ഭാഗമായി സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ 248 അദ്ധ്യാപക തസ്തികകളും 27 അനദ്ധ്യാപക തസ്തികകളും സൃഷ്ടിക്കുകയും 562 അദ്ധ്യാപകരെയും 436 അനദ്ധ്യാപകരെയും നിയമിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ കോളേജുകളുടെയും സർവ്വകലാശാലകളുടെയും അടിസ്ഥാന സൗകര്യ വികസനത്തിനും അക്കാദമിക ഉന്നമനത്തിനുമായി കിഫ്ബി പദ്ധതിയിൽ 700 കോടി രൂപയും RUSA പദ്ധതിയിൽ 92 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. മൂന്ന് സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളും അഞ്ച് എയ്ഡഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകളും പുതിയതായി ആരംഭിക്കുകയും വിവിധ സർക്കാർ കോളേജുകളിൽ 32 ബിരുദാനന്തര പ്രോഗ്രാം, 24 ബിരുദ പ്രോഗ്രാം, 3 എം.ഫിൽ പ്രോഗ്രാം എന്നിവ അനുവദിക്കുകയും അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കിയ സ്വാശ്രയ കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിച്ചും സർക്കാർ എയ്ഡഡ് കോളേജുകളിൽ സീറ്റ് വർദ്ധിപ്പിച്ചും കൂടുതൽ വിദ്യാർത്ഥികൾക്ക് സർക്കാർ നിശ്ചയിക്കുന്ന ഫീസിൽ പഠിക്കാൻ അവസരം ഉറപ്പാക്കിയിട്ടുണ്ട്. NBA അക്രഡിറ്റേഷനുള്ള എഞ്ചിനീയറിംഗ്

കോളേജുകളിൽ നൂതനമേഖലകളായ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ്, ഡിസൈൻ എന്നിവയിൽ ബിരുദ-ബിരുദാനന്തര കോഴ്സുകൾ അനുവദിക്കുകയും സംസ്ഥാനത്തെ പോളിടെക്നിക് കോളേജുകളിൽ ഈ വർഷം മുതൽ ലാറ്ററൽ എൻട്രി സംവിധാനം നടപ്പാക്കുകയും മാത്തമാറ്റിക്സ് വിഷയമെടുത്ത് പ്ലസ് ടു വിജയിക്കുന്നവർക്ക് പോളിടെക്നിക് കോളേജുകളിൽ രണ്ടാംവർഷ ഡിപ്ലോമ ക്ലാസ്സുകളിലേയ്ക്ക് നേരിട്ട് പ്രവേശനം നേടാൻ അവസരമൊരുക്കുകയും ചെയ്തിട്ടുണ്ട്. സർവ്വകലാശാല ബിരുദങ്ങളുടെ തുല്യതയും അംഗീകാരവും സംബന്ധിച്ച് വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും ഗുണകരമായ രീതിയിൽ ചട്ടങ്ങൾക്ക് രൂപം നൽകുകയും സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിലെ ബിരുദങ്ങൾ പരസ്പരം അംഗീകരിക്കണമെന്നും ദേശീയ പ്രാധാന്യമുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, യു.ജി.സി. അംഗീകാരമുള്ള സർവ്വകലാശാലകൾ എന്നിവ നൽകുന്ന ബിരുദങ്ങൾ കേരളത്തിലെ സർവ്വകലാശാലകളും തൊഴിൽ ദാതാക്കളും അംഗീകരിക്കണമെന്ന് നിർദ്ദേശിച്ച് ഉത്തരവിറക്കുകയും ഇതുസംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിനായി ഉന്നതാധികാര സമിതിയെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ സർവ്വകലാശാലകളിലും കോളേജുകളിലും

പ്രവേശന നടപടികൾ ഏകീകരിക്കുകയും യു.ജി.സി. നിർദ്ദേശപ്രകാരം ഔട്ട്കം ബെയ്സ്ഡ് എഡ്യൂക്കേഷനും ഗ്രാജ്വേറ്റ് ആട്രിബ്യൂട്ടുകൾക്കും ഊന്നൽ നല്കികൊണ്ടുള്ള പാഠ്യപദ്ധതി പരിഷ്കരണം ആരംഭിക്കുകയും ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ആൾ കേരള ഹയർ എഡ്യൂക്കേഷൻ സർവ്വേയുടെ ഭാഗമായി ഉന്നത വിദ്യാഭ്യാസ മേഖലയുടെ സമഗ്രമായ വിവരശേഖരണം നടത്തിവരികയുമാണ്. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 407.52 കോടി രൂപയുടേയും കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ 60 കോടി രൂപയുടേയും അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ ലൈബ്രറികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 7.25 കോടി രൂപ അനുവദിക്കുകയും സാങ്കേതിക സർവ്വകലാശാല പാഠ്യപദ്ധതി ഫലപ്രാപ്തിയിലൂന്നിയ വിദ്യാഭ്യാസ മാതൃകയിൽ കാലാനുസൃതമായി പരിഷ്കരിക്കുകയും സ്മാർട്ട് ക്ലാസ്സ് റൂമുകൾ സ്ഥാപിക്കുകയും നൈപുണ്യവികസനം, ഗവേഷണ സഹായം എന്നിവയ്ക്കായി 2019-20 സാമ്പത്തിക വർഷം സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് 135 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ലൈവ് സ്ട്രീമിംഗിനും ഓൺലൈൻ ക്ലാസ്സുകൾക്കുമായി മേഘനാഥ സാഹാ

സെന്റർ ഫോർ കണ്ടന്റ് ഡെവലപ്മെന്റ് സ്റ്റുഡിയോ (ORICE-Online Resource Initiative of Collegiate Education) സ്ഥാപിക്കുകയും പ്രസ്തുത സംവിധാനം ഉപയോഗിച്ച് അക്കാദമിക വിദഗ്ധരുടെ ക്ലാസുകൾ വിവിധ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുകയും വിദ്യാർത്ഥികളുടെ മാനസിക സംഘർഷം ലഘൂകരിക്കുന്നതിനായി 2019-20 സാമ്പത്തിക വർഷം " Jeevani- College Mental Awareness Programme" പദ്ധതി 67 ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. റൂസ പദ്ധതി പ്രകാരം 6 സർവ്വകലാശാലകളിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി രണ്ട് ഘട്ടങ്ങളിലായി യഥാക്രമം 20 കോടി രൂപ, 50 കോടി രൂപ എന്നിങ്ങനെ അനുവദിച്ചിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ എഞ്ചിനീയറിംഗ്, പോളീടെക്നിക് കോളേജുകളിൽ AICTE അക്രഡിറ്റേഷൻ ലഭിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുകയും അന്തർദേശീയ, ദേശീയ ഇ-ജേർണലുകൾ ലഭ്യമാക്കിയും ഡിജിറ്റൽ/ഇ-ലൈബ്രറികൾ സ്ഥാപിച്ചും അക്കാദമിക പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കോളേജുകളിൽ പുതുക്കിയ പാഠ്യപദ്ധതി പ്രകാരം പുസ്തകങ്ങളും ലബോറട്ടറി ഉപകരണങ്ങളും നൽകിവരുന്നുണ്ട്. എഞ്ചിനീയറിംഗ് കോളേജുകളിൽ

പ്രോഡക്ട് ഡിസൈൻ ഡെവലപ്മെന്റ് സെന്ററും ഹൈ പെർഫോമൻസ് കമ്പ്യൂട്ടിംഗ് ഫെസിലിറ്റിയും സ്ഥാപിക്കുകയും നൂതന ബോധന രീതികൾ, MOOC കോഴ്സുകൾ എന്നിവ നടത്തിവരികയുമാണ്. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി വികസന പ്രവർത്തനങ്ങൾക്കായി 48 സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകൾക്ക് 297 കോടി രൂപയും 7 സർക്കാർ എഞ്ചിനീയറിംഗ് കോളേജുകൾക്ക് 59.47 കോടി രൂപയും പൈതൃക കോളേജുകൾക്ക് 73.76 കോടി രൂപയും സർക്കാർ പോളിടെക്നിക്കുകൾക്ക് 49.29 കോടി രൂപയും പുതുതായി ആരംഭിച്ച ആർട്സ് ആൻഡ് സയൻസ് കോളേജിന് 10.23 കോടി രൂപയും അനുവദിക്കുകയും അസാപിനു കീഴിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള 9 നൈപുണ്യ പരിശീലന സമുച്ചയങ്ങൾ, കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഗവേഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മഹാത്മാഗാന്ധി സർവ്വകലാശാലയിൽ വിവിധ വിഷയങ്ങളിലെ അന്തർസർവ്വകലാശാല കേന്ദ്രങ്ങളടക്കം 18 ഗവേഷണ കേന്ദ്രങ്ങൾക്കായി 34.42 കോടി രൂപ ചെലവിൽ കൺവർജൻസ് അക്കാദമിയ കോംപ്ലക്സ് യാഥാർത്ഥ്യമാക്കുകയും സംസ്ഥാനത്തെ സർവ്വകലാശാലകൾ നൽകുന്ന സേവനങ്ങൾ ഓൺലൈനിലാക്കുകയും ചെയ്തിട്ടുണ്ട്. പ്രഗത്ഭരുമായി

ആശയവിനിമയം നടത്തുന്നതിനായി പ്രൊഫഷണൽ വിദ്യാർത്ഥി സമ്മിറ്റും നവകേരള നിർമ്മിതിക്കായി Students Leaders' Conclave-ഉം സംഘടിപ്പിക്കുകയും ലീഡ് പദ്ധതിയിലുൾപ്പെടുത്തി സർവ്വകലാശാല, സർക്കാർ കോളേജ് യൂണിയൻ ചെയർമാന്മാർക്ക് വിദേശരാജ്യങ്ങളിൽ പരിശീലന പദ്ധതിക്ക് തുടക്കമിടുകയും വിദ്യാർത്ഥികൾക്കുള്ള പരാതികൾ പരിഹരിക്കുന്നതിനായി ഓൺലൈൻ പരാതി പരിഹാര സംവിധാനം For The Students നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ 29.33 കോടി രൂപയുടെ സ്കോളർഷിപ്പുകൾ വിതരണം ചെയ്തിട്ടുണ്ടെന്നും എറുഡെയ്റ്റ് പദ്ധതി പ്രകാരം 116 പ്രമുഖരുമായി വിദ്യാർത്ഥികൾക്ക് സംവദിക്കാൻ അവസരമൊരുക്കിയിട്ടുണ്ടെന്നും സർവ്വകലാശാലകൾ ഏപ്രിൽ 30, മേയ് 31 എന്നിവയ്ക്കുകം ബിരുദ-ബിരുദാനന്തര ബിരുദ കോഴ്സുകളുടെ പരീക്ഷാഫലം പ്രഖ്യാപിക്കണമെന്നും ജൂൺ 1-ന് ഒന്നാം വർഷ LLB, പോളിടെക്നിക്, ബിരുദ, ബിരുദാനന്തര ബിരുദ ക്ലാസ്സുകൾ ആരംഭിക്കണമെന്നും സർവ്വകലാശാലകളിൽ പാഠ്യപദ്ധതി പരിഷ്കരണത്തിനും പൊതു അക്കാദമിക് കലണ്ടർ പ്രസിദ്ധീകരിക്കുന്നതിനും പരീക്ഷകൾ, റിസൾട്ടുകൾ എന്നിവ നിശ്ചിത സമയക്രമത്തിൽ പൂർത്തിയാക്കുന്നതിനും നടപടികൾ

സ്വീകരിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. സംസ്ഥാനത്തെ 66 ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ 34 എണ്ണത്തിനും 191 എയ്ഡഡ് കോളേജുകളിൽ 144 എണ്ണത്തിനും NAAC അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്. രണ്ട് വർഷത്തിനുള്ളിൽ എല്ലാ കോളേജുകൾക്കും NAAC-ന്റേയോ NBA-യുടേയോ അക്രഡിറ്റേഷൻ ലഭ്യമാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്നും NIRF-ന്റെ റാങ്കിംഗിൽ കേരളത്തിലെ 4 സർവ്വകലാശാലകൾ ആദ്യ 100-ൽ ഉൾപ്പെട്ടിട്ടുണ്ടെന്നും അത് കൂട്ടുന്നതിനുള്ള പ്രവർത്തനങ്ങൾ സ്വീകരിച്ചുവരികയാണെന്നും ക്ലസ്റ്ററടിസ്ഥാനത്തിൽ സ്പെഷ്യലൈസ്ഡ് ലബോറട്ടറികൾ വികസിപ്പിക്കുന്നതിന് ശ്രമിക്കുന്നുണ്ടെന്നും ഇന്റേണൽ അസസ്മെന്റിന് മിനിമം മാർക്ക് നേടിയിരിക്കണമെന്ന നിബന്ധന ഒഴിവാക്കിയ നടപടി അടുത്ത അധ്യയന വർഷം മുതൽ സംസ്ഥാനത്തെ മുഴുവൻ ആർട്സ് ആന്റ് സയൻസ് കോളേജുകൾക്കും ബാധകമാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും കിഫ്ബി ഫണ്ട് സമയബന്ധിതമായി വിനിയോഗിക്കുന്ന മുറയ്ക്ക് ന്യൂജെൻ കോഴ്സുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1442 മുതൽ 1852 വരെയുള്ള ചോദ്യങ്ങളിൽ 98 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)